(സി) പരിശോധിച്ചു വരുന്നു.

(ഡി) അന്വേഷണം പൂർത്തിയാകാതെ മറുപടി നൽകാനാവില്ല.

(ഇ) മാർച്ചിലെ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് എന്തെങ്കിലും കാരണവശാൽ എല്ലാ വിഷയങ്ങൾക്കും ഡി+ ഗ്രേഡിന് താഴെ ലഭിച്ചാലും, ജൂണിലെ സേ പരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും ഡി+ ഗ്രേഡോ മുകളിലോ ലഭിച്ചാൽ വർഷം നഷ്ടപ്പെടാതെ തന്നെ ഉന്നതപഠനത്തിന് അവസരമുണ്ട്. ഇതിനോടൊപ്പം നടക്കുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഏതെങ്കിലും ഒരു വിഷയത്തിന് പരീക്ഷ എഴുതി തങ്ങളുടെ സ്കോർ മെച്ചപ്പെടുത്തുവാനും വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. കുമാരിസഹ്‌ലക്ഷഹീന ഈ അവസരം വിനിയോഗിക്കുകയും ഇംപ്രൂവ്മെന്റ് പരീക്ഷയിലൂടെ കണക്ക് പരീക്ഷയുടെ സ്കോർ 75 ആയി മെച്ചപ്പെടുത്തുകയും ചെയ്തു. അതിനാൽ കുമാരി സഹ്‌ലക്ഷഹീന വർഷം നഷ്ടപ്പെടാതെ തന്നെ ഉപരിപഠനത്തിനുപോകാൻ അർഹയായിട്ടുണ്ട്.

(എഫ്&ജി) ഹയർ സെക്കണ്ടറി പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് (അനുബന്ധം-എ) ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(എച്ച്) ഹയർ സെക്കണ്ടറി വകുപ്പ് നടത്തിയ അന്വേഷണത്തിൽ ഈ സംഭവത്തിന്റെ നിജസ്ഥിതി പൂർണ്ണമായും വെളിവായിട്ടില്ല. വിജിലൻസ് വകുപ്പിന്റെ അന്വേഷണം നടന്നുവരികയാണ്. അത് പൂർത്തിയായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളു.

പാലക്കാട് നിയോജകമണ്ഡലത്തിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിച്ച സ്കൂളുകൾ

82 (2088) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാലക്കാട് നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ വിഷയങ്ങളിൽ പുതിയ പ്ലസ് ടു ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) പ്ലസ് ടുവിന് പുതുതായി എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട് ; ഏതൊക്കെ വിഷയങ്ങളിൽ എത്ര സീറ്റുകൾ വീതമാണ് അനുവദിച്ചത് എന്നറിയിക്കുമോ ;

(ഡി) അൺ എയ്ഡഡ് മേഖലയിൽ കൂടുതൽ പ്ലസ് ടു കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പറളി എച്ച്.എസ്.എസ്., പറളി

(ബി) പറളി എച്ച്.എസ്.എസ്. 1 സയൻസ്, 1 കോമേഴ്സ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2007-08 അനുവദിച്ച അഡീഷണൽ ബാച്ചിലെ സീറ്റുകൾ ഉൾപ്പെടെ 340 സീറ്റുകൾ.

സയൻസ് -110 സീറ്റ്

ഹ്യൂമാനിറ്റീസ് -120 സീറ്റ്

കോമേഴ്സ് -110 സീറ്റ്.

(ഡി) പാലക്കാട് നിയോജകമണ്ഡലത്തിൽ ഇല്ല.

പുതിയ ഹയർസെക്കണ്ടറി സ്കൂളുകളിലെ തസ്തികകൾ

83 (2089) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും നടപടി ഏതുവരെയായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഹയർസെക്കന്ററി ഡയറക്ടറുടെ വിശദമായ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊല്ലംകോട് മണ്ഡലത്തിൽ പ്ലസ്ടു അനുവദിച്ച സ്കൂളുകൾ

84 (2090) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട് നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്കൂളുകൾക്കാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത് ; സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റ്, തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര യു.പി. സ്കൂളുകളെയാണ് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly